CCM (7) 2014-15

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി

**25.06.2014 ൽ കൂടിയ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 11 മണിക്ക് ബഹു.പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നിയമസഭാ മന്ദിരത്തിലെ അദ്ദേഹത്തിന്റെ ചേംബറിൽ ആരംഭിച്ചു. ബഹു. ഗ്രാമവികസന വകുപ്പുമന്ത്രിയും, ബഹു.നഗരകാര്യവകുപ്പുമന്ത്രിയും സന്നിഹിതരായിരുന്നു.

**1.** സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 18.06.2014–ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

**2. പൊതുവിഷയങ്ങൾ**

**2.1** പദ്ധതി രൂപീകരണ നടപടികളിൽ കാര്യമായ പുരോഗതി ഉള്ളതായി നിരീക്ഷിച്ചു. മൊത്തം പ്രോജക്ടുകൾ 153768 ആണെന്നും മൊത്തം ചെലവ് 7558 കോടി രൂപ ആണെന്നും യോഗം വിലയിരുത്തി. 1208 തദ്ദേശഭരണസ്ഥാപനങ്ങൾ പ്രോജക്ടുകൾ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ ഗ്രാമപഞ്ചായത്തുകൾ 125103 പ്രോജക്ടുകളിലായി 4682 കോടി രൂപയുടെയും ബ്ലോക്ക് പഞ്ചായത്തുകൾ 9051 പദ്ധതികളിലായി 1429 കോടി രൂപയുടെയും മുനിസിപ്പാലിറ്റികൾ 12106 പദ്ധതികളിലായി 890 കോടി രൂപയുടെയും കോർപ്പറേഷനുകൾ 3995 പദ്ധതികളിലായി 535 കോടി രൂപയുടെയും പദ്ധതികൾ രൂപീകരിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടു.

**2.2** 18.06.2014–ലെ പൊതുവിഷയം 2.2 തീരുമാനപ്രകാരം ആവശ്യപ്പെട്ട റിപ്പോർട്ട് അയച്ചു തരാത്ത പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരോട് വിശദീകരണം വാങ്ങി അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ സമർപ്പിക്കാൻ പഞ്ചായത്ത് ഡയറക്ടറെ നിർദ്ദേശിച്ചു തീരുമാനിച്ചു.

**2.3** അഗളി, ഷോളയാർ, പുത്തൂർ ഗ്രാമപഞ്ചായത്തുകളിലെ 192 ഊരുകളിൽ താമസിക്കുന്ന പട്ടികവർഗ സെറ്റിൽമെന്റ് കോളനിയിലെ താമസക്കാർക്ക് കുടിവെള്ളം ലഭിക്കുന്നതിനായി പദ്ധതികളിൽ ഗുണഭോക്തൃ വിഹിതം ഗ്രാന്റ് ഇൻ എയിഡിൽ നിന്നും വഹിക്കുന്നതിന് പഞ്ചായത്തുകൾക്ക് അനുമതി നൽകി തീരുമാനിച്ചു.

**3 പ്രത്യേക വിഷയങ്ങൾ**

**3.1 ചൂണ്ടൽ ഗ്രാമപഞ്ചായത്ത് (ഫയൽനം. 21867/ഡി.എ2/14/തസ്വഭവ)**

ചൂണ്ടൽ ഗ്രാമപഞ്ചായത്തിലെ എസി.സി/എസ്.റ്റി പ്രൊഫഷണൽ /പോസ്റ്റ് ഗ്രാഡ്യൂവേറ്റ് വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ/ലാപ്ടോപ് നൽകുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 ഇലന്തൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം.34912/ഡി.എ.3/14/തസ്വഭവ)**

തെരുവുവിളക്കുകളുടെ കുടിശ്ശിക തുക തനത് ഫണ്ടിൽ നിന്നും അടയ്ക്കുന്നതിന് വകുപ്പുതല തീരുമാനം കൈക്കൊള്ളുന്നതിന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത് (ഫയൽ നം.35270/ഡി.എ2/14/തസ്വഭവ)**

2013–14–ലെ കാന ശുചീകരണ പദ്ധതി പി.ഡബ്ല്യൂ.ഡി. റോഡിന്റെ വശങ്ങളിലാണെന്നുള്ളതിനാൽ അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 ആളൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം.12632/എഫ്.എം.3/14/തസ്വഭവ)**

വാട്ടർ അതോറിട്ടിക്ക് അധിക ഷിഫ്റ്റ് പമ്പിംഗിന് ആവശ്യമായ തുക 31.05.2013 വരെയുള്ളത് തനത് ഫണ്ടിൽ നിന്നും നൽകാൻ നേരത്തെ അനുവദിച്ചിരുന്നു. തുടർന്ന് ഇക്കാര്യത്തിലുള്ള ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5ഗ്രാമവികസന കമ്മീഷണറുടെ കത്ത് (ഫയൽ നം.31614/ഡി.എ3/14/തസ്വഭവ)**

**മഹിള കിസാൻ സശാക്തീകരണ പരിയോജന (MKSP)**

മഹിള കിസാൻ സശാക്തീകരണ പരിയോജനയുടെ വനിത ലേബർ ബാങ്ക് ഉദ്യോഗസ്ഥ വിന്യാസം നടത്തണമെന്ന ആവശ്യം കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കേണ്ട വിഷയമല്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 കാക്കൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 33568/ഡി.ബി3/14/തസ്വഭവ)**

കാക്കൂർ ഗ്രാമപഞ്ചായത്തിലെ കുഴിമ്പാട്ടിൽ എസ്.സി. ശ്മശാനത്തിന് ചുറ്റുമതിൽ നിർമ്മിക്കണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 30797/ഡി.ബി.1/14/തസ്വഭവ)**

ഇ.എം.എസ്. ഭവന പദ്ധതി തുക ഐ.എ.വൈ. ഗുണഭോക്താക്കൾക്ക് നൽകുന്നതിന് ആവശ്യപ്പെട്ടതിന്മേൽ ലോൺ എടുത്ത തുകയാണെങ്കിൽ തിരിച്ചടയ്ക്കുന്നതിനും പഞ്ചായത്ത് ഫണ്ട് ആണെങ്കിൽ അനുവദിക്കാനും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 വാഴപ്പള്ളി ഗ്രാമപഞ്ചായത്ത്**

2013-14-ലെ തെരുവുവിളക്കുകളുടെ മെയിന്റനൻസ് നടത്തിയതിന് ചെലവാക്കിയ തുകയ്ക്ക് സാധൂകരണം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 തദ്ദേശഭരണ സ്ഥാപനങ്ങളുടെ തെരുവുവിളക്കുകളുടെ പരിപാലനം**

**(ഫയൽ നം. 5179/ഡി.എ1/14/തസ്വഭവ)**

തദ്ദേശഭരണ സ്ഥാപനങ്ങളിലെ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഇ.എം.സി സമർപ്പിച്ച റിപ്പോർട്ടിലെ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ഉപകരണങ്ങൾ മുമ്പ് തീരുമാനിച്ചതുപോലെ ക്രൂസ്, കെൽട്രോൺ എന്നിവരിൽ നിന്നും വാങ്ങുന്നതിന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 വാഴൂർ ബ്ലോക്ക് പഞ്ചായത്ത്**

വാഴൂർ ബ്ലോക്ക് പഞ്ചായത്തിലെ 2014-15 വാർഷിക പദ്ധതിയിൽ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട 19 പദ്ധതികൾ സംയുക്തമായി നടപ്പിലാക്കുന്നതിന് അനുവദിച്ച് തീരുമാനിച്ചു. വെയ്റ്റിംഗ് ഷെഡ് നിർമ്മാണവുമായി ബന്ധപ്പെട്ട പദ്ധതി നിരസിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 കടങ്ങോട് ഗ്രാമപഞ്ചായത്ത്**

പട്ടികവർഗ ഉപപദ്ധതിയിൽ അനുവദിച്ച തുകയുടെ വാലിഡേഷൻ സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനമെടുക്കേണ്ട വിഷയമാണെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 പെരിങ്കടവിള ബ്ലോക്ക് പഞ്ചായത്ത്**

2013–14 ൽ നിർവഹണം നടത്തിയ പദ്ധതി തനത് ഫണ്ടിന് പകരം തെറ്റായി പ്ലാൻ ഫണ്ട് രേഖപ്പെടുത്തിയത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ ഗ്രാമവികസന കമ്മീഷണറോട് ആവശ്യപ്പെട്ടു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്**

തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ 2013–14–ലെ പദ്ധതി നടപ്പിലാക്കി ക്കഴിഞ്ഞതാണെങ്കിൽ അംഗീകരിക്കുന്നതിനും ക്യാരിഓവർ പ്രോജക്ടാണെങ്കിൽ നടപ്പിലാക്കേണ്ടതില്ലെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളുടെ ഭേദഗതി സംബന്ധിച്ച്**

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളുടെ ഭേദഗതി സംബന്ധിച്ച് റിപ്പോർട്ട് അടുത്ത കമ്മിറ്റിയിൽ സമർപ്പിക്കുന്നതിന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 പന്തളം ബ്ലോക്ക് പഞ്ചായത്ത്**

പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ നിർമ്മാണ പ്രവൃത്തികൾ നോൺറോഡ് മെയിന്റനൻസ് ഉപയോഗിച്ച് നടത്തേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 കണ്ണൂർ ജില്ലാ പഞ്ചായത്ത്**

ജി.ഒ പ്രോജക്ട് തയ്യാറാക്കിയതുമായി ബന്ധപ്പെട്ട ഭേദഗതി പ്രോജക്ടുകൾക്ക് അംഗീകാരം നൽകണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 തുമ്പമൺ ഗ്രാമപഞ്ചായത്ത്**

2014–15 വാർഷിക പദ്ധതിയിലെ പ്രോജക്ടുകൾ വെറ്റ് ചെയ്യാൻ തയ്യാറാകാത്ത നിർവഹണ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 വാഴപ്പള്ളി ഗ്രാമപഞ്ചായത്ത്**

2013–14–ലെ ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട നടപടികൾക്കും പണം ചെവഴിച്ചതിനും മേലിൽ ഇത്തരം രീതി ആവർത്തിക്കരുതെന്ന താക്കീതോടെ സാധൂകരണം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 മിൽമ ചെയർമാന്റെ കത്ത്**

കാലിത്തീറ്റ സബ്സിഡി ഗ്രാമപഞ്ചായത്ത് വഴി നൽകരുതെന്ന മിൽമ ചെയർമാന്റെ നിർദ്ദേശം പരിഗണനാർഹമല്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത്**

2011-12 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ഓഫീസ് സൗകര്യം മെച്ചപ്പെടുത്തൽ പദ്ധതി കരാർ അനുസരിച്ച് നടപ്പാക്കിയതാണെങ്കിൽ കരാർ അനുസരിച്ചുള്ള പേയ്മെന്റിന് പഞ്ചായത്തിന് അധികാരമുണ്ടെന്നും ഈ വിഷയം കോഓർഡിനേഷൻ കമ്മിറ്റിയിൽ തീരുമാനിക്കേണ്ടതില്ലെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 ഓലം ബ്ലോക്ക് പഞ്ചായത്ത്**

ഹൈമാസ്റ്റ് സ്ഥാപിക്കൽ ഒഴിവാക്കാനും റിനൊവേഷൻ ഫണ്ടിലെ ബാക്കി തുക ഉപയോഗിച്ച് കരൂർ ചൂരനോലിക്കൽ റോഡ് നിർമ്മിക്കാനുമുള്ള ഗ്രാമവികസന കമ്മീഷണറുടെ ശുപാർശ അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 ഔഷധി ചെയർമാന്റെ കത്ത്**

ആയുർവേദ ആശുപത്രികളിൽ ഔഷധി ഔട്ട്ലെറ്റ് സ്ഥാപിക്കാനുള്ള അനുവാദം നൽകണമെന്ന ആവശ്യത്തിന് പഞ്ചായത്തിന് യഥേഷ്ടം തീരുമാനമെടുക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 37528/ഡി.ഡി.2/14/തസ്വഭവ)**

ബ്ലോക്ക് പഞ്ചായത്തിന്റെ സ്നേഹപഥം പദ്ധതിക്ക് 2014-15 വർഷത്തേക്കുകൂടി തുടർന്ന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 മുഖത്തല ബ്ലോക്ക് പഞ്ചായത്ത്**

സംയുക്ത പ്രോജക്ട് സംബന്ധിച്ച് വ്യക്തമായ വിശദീകരണം തദ്ദേശസ്വയംഭരണ വകുപ്പ് നൽകേണ്ടതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.25 ഗവ. കോൺട്രാക്ടേഴ്സ് അസോസിയേഷൻ നിവേദനം**

ഗവ. കോൺട്രാക്ട് അസോസിയേഷന്റെ നിവേദനം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.26 ബഹു. ഇളമരം കരീം എം.എൽ.എ. മുഖാന്തിരം**
**(ഫയൽ നം. 11822/ഡി.എ1/14/തസ്വഭവ)**

കോഴിക്കോട് ജില്ലാ മെഡിക്കൽ ഡയഗ്നോസ്റ്റിക് & പാരാ മെഡിക്കൽ സഹകരണസംഘത്തിന്റെ ക്ലീനിംഗ് മെറ്റീരിയൽ വിതരണം ചെയ്യുന്നതിനുള്ള ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.27 തിരൂർ ബ്ലോക്ക് പഞ്ചായത്ത്**

തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 5 കുടിവെള്ള പ്രോജക്ടുകൾ സംയുക്ത പ്രോജക്ടുകളായി നടപ്പാക്കാൻ അംഗീകാരം നൽകിയിരുന്നു. എന്നാൽ പ്രസ്തുത പദ്ധതികൾ ബ്ലോക്ക് പഞ്ചായത്ത് സ്വയം നടപ്പിലാക്കി വരുന്നതാണെന്നും ആയത് പൂർത്തീകരിക്കുന്നതിന് അനുവാദം നൽകണമെന്നുമുള്ള അപേക്ഷ അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.28 കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ**

പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾക്ക് തൊഴിൽ വിദ്യാഭ്യാസപരമായ വിദേശയാത്ര എൻട്രൻസ് കോച്ചിംഗ് എന്നിവയ്ക്ക് ധനസഹായം നൽകാനുള്ള അനുമതി നൽകണമെന്നുള്ള ആവശ്യം നിലവിലെ മാർഗരേഖപ്രകാരം നടപ്പാക്കാൻ അനുവദിച്ച് തീരുമാനിച്ചു. എസ്.സി./എസ്.റ്റി വിഭാഗത്തിന് കൂടുതൽ നൂതന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് വ്യക്തമായ നിർദ്ദേശങ്ങൾ തദ്ദേശസ്വംഭരണ വകുപ്പ് നൽകേണ്ടതാണെന്ന് നിശ്ചയിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.29 ആലക്കോട് ഗ്രാമപഞ്ചായത്ത്**

ജലനിധി പദ്ധതിക്ക് പട്ടികജാതി പട്ടികവർഗ വികസന ഫണ്ടിൽ നിന്നും ജനസംഖ്യാനുപാതികമായി ഫണ്ട് വകയിരുത്തുന്നതിന് നയപരമായ തീരുമാനം സർക്കാർ തലത്തിൽ കൈക്കൊള്ളേണ്ടതാണെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.30 പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത്**

കുടിവെള്ള വിതരണ പദ്ധതികൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് സംയുക്ത പ്രോജക്ടുകളായി ഏറ്റെടുക്കാൻ നിലവിൽ ഉത്തരവുണ്ടെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**(യോഗം ഉച്ചയ്ക്ക് 1.30ന് അവസാനിച്ചു.)**

***അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയോഗം 02.07.2014 രാവിലെ 11 മണിക്ക് അസംബ്ലി മന്ദിരത്തിലെ ബഹു. പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ കൂടുന്നതാണ്.***